

# 4.വാക്കുകൾ സർഗതാളങ്ങൾ

**ജീവിതപരിസരവും അനുഭവങ്ങളുമാണ് കവിതയിലേക്ക് കവിയെ എത്തിച്ചത്.ജീവിതാനുഭവങ്ങളാണ് സാഹിത്യത്തിന്റെ ഏറ്റവും പ്രധാന അസംസ്കൃത വസ്തു.**
**കാവ്യം തന്നിലെത്തിയ വഴികളുടെ വൈവിധ്യത്തെക്കുറിച്ച് കവി അദ്ഭുതപ്പെടുന്നു. സർഗാത്മകത, സർഗാത്മക രചന പ്രവചനങ്ങൾക്ക് അതീതമാണ്. പ്രായമോ ദേശമോ കാലമോ സർഗാത്മക രചനകൾക്ക് തടസ്സമാകുന്നില്ല.** ***പാബ്ലോ നെരൂദ ( ചിലിയൻ കവി)***

## അശ്വമേധം: വയലാർ രാമവർമ്മ. മുളങ്കാട് (കവിത)

**വയലാർ:** ആലപ്പുഴ വയലാറിൽ ജനിച്ചു.പ്രതിഭാധനനായ കവി, ഗാനരചയിതാവ്.കേരള സാഹിത്യ അക്കാദമി അവാർഡ്, സിനിമ നാടക ഗാനരചനക്ക് നിരവധി പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

- **പ്രധാന കൃതികൾ:** സർഗസംഗീതം, പാദമുദ്രകൾ, കൊന്തയും പൂണൂലും, മുളങ്കാട്, എനിക്കു മരണമില്ല, ഒരു ജൂഡാസ് ജനിക്കുന്നു, എന്റെ മാറ്റൊലി ക്കവിതകൾ, കല്യാണസൗഗന്ധികം, ആയിഷ, പുരുഷാന്തരങ്ങളിലൂടെ ( യാത്രാവിവരണം)
- **അശ്വമേധം:** ദിഗ്വിജയം നേടിയ ശേഷം രാജാക്കന്മാർ നടത്തിയിരുന്ന ഒരു യാഗം. കുതിരയുടെ മസ്തകത്തിൽ (നെറ്റി ഉൾപ്പെടെയുള്ള ഭാഗം) ജയപത്രം ബന്ധിച്ച് യഥേഷ്ടം സഞ്ചരിക്കാൻ വിടുന്നു.അശ്വ രക്ഷിതാവായി രാജ തുല്യനായ ഒരാളും ഒരു ചെറു സൈന്യവും കുതിരയെ അനുഗമിക്കും.കതിരയെ തടയുന്നവരെ കൂടി യുദ്ധത്തിൽ ജയിക്കണം.
- **അശ്വഹൃദയം:** മനോവേഗത്തിൽ കുതിരയെ നയിക്കാനുള്ള ഒരു മന്ത്രം.
- അനന്ത വിസ്തൃതമായ പ്രപഞ്ചത്തിലെ ഒരു ജീവിവർഗം മാത്രമായ മനുഷ്യന്റെ അസാധാരണമായ ശക്തിമഹത്വങ്ങളെക്കുറിച്ച് അഭിമാനത്തോടെ പാടിയ കവിയാണ് വയലാർ രാമവർമ്മ.
- മനുഷ്യവംശം വിശ്വവിജയം നേടിയത് അവന്റെയുള്ളിൽ ആദിമകാലം മുതൽ ജ്വലിച്ചു നിന്ന അജയ്യമായ സർഗശേഷിയിലാണെന്ന് തന്റെ കാവ്യങ്ങളിലൂടെ വയലാർ ഉദ്ഘോഷിക്കുന്നു. ആ കവിതകളിൽ ഏറ്റവും ശ്രദ്ധേയമായ കവിതയാണ് അശ്വമേധം.
- മാനവരാശിയുടെ വളർച്ചയിൽ ഓരോ ഘട്ടത്തിലും സർഗശക്തി എങ്ങനെ പ്രയോജനപ്പെട്ടുവെന്‍ അശ്വമേധം കൃത്യമായി സൂചിപ്പിക്കുന്നു.
- മനുഷ്യാതീതമായ അത്ഭുതങ്ങളല്ല, ജൈവ പ്രകൃതിയിൽ നിന്നാർജിച്ച മനുഷ്യശേഷിയാണ് പ്രപഞ്ചത്തേയും നമ്മെയും മുന്നോട്ട് നയിക്കുന്നതെന്ന് കവി ഉറക്കെ വിളിച്ചു പറയുന്നു.
- ചരിത്രവും മാനവിക ദർശനങ്ങളും ഭാവിയെക്കുറിച്ചുള്ള ശുഭപ്രതീക്ഷകളും മനുഷ്യനിലുള്ള വിശ്വാസവും നിറഞ്ഞ ഈ കവിത കരുത്തുറ്റതാണ്.
- കരുത്തിന്റെയും അധികാരത്തിന്റെയും പ്രതീകമായ യാഗാശ്വത്തിന്റെ, മനുഷ്യ ശക്തിയുടെ യുഗങ്ങളായുള്ള വിജയ പ്രയാണമാണ് കാവ്യത്തിന്റെ പ്രതിപാദ്യം. മനുഷ്യ ജന്മത്തിന്റെ മഹത്വം ഉൾക്കൊള്ളാനും അവനവന്റെ സർഗശേഷിയെ സമൂഹ നന്മയുടെ മാർഗത്തിലേക്ക് തിരിച്ചുവിടാനും കവിത പ്രചോദനമാകുന്നു.
- ***കവിതയിലെ അശ്വം: മനുഷ്യന്റെ സർഗശക്തിയുടെ പ്രതീകം***

## കവിതയുടെ ആശയം :

- തൂലികക്ക് പടവാളിനേക്കാൾ ശക്തിയുണ്ട്. ആശയ പ്രചാരണത്തിലൂടെ ലോകത്തെ പുതുക്കി പണിയുന്നതിൽ സർഗസൃഷ്ടികൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്.
- ചരിത്രത്തെ പുനർനിർമിക്കുക, സംസ്കാരത്തെ നവീകരിക്കുക, എന്നിങ്ങനെ മഹത്തായ കർമങ്ങളാണ് സാഹിത്യകാരന്മാരും അവരുടെ കൃതികളും ചെയ്യുന്നത് എന്ന് വയലാർ അശ്വമേധം എന്ന കവിതയിൽ അവതരിപ്പിക്കുന്നു.
- ആരാണ് എന്റെ കുതിരയെ പിടിച്ചുകെട്ടു വാനുള്ളത്? ആരാണ് കുതിരയുടെ മാർഗം മുടക്കുവാനുള്ളത്? (എന്റെ സർഗശക്തിയാകുന്ന കുതിരയെ ആര് തടയും?)
- ദിക്കുകളെ ജയിക്കുന്നതിനായി സർഗശക്തിയാകുന്ന കുതിരയെ ഞാൻ വിട്ടയക്കുന്നു. പുതിയ കാലത്ത് സർഗാത്മകതയുടെ പുതിയ അശ്വമേധമാണ് ഞാൻ എന്ന് കവി പറയുന്നു. (മനുഷ്യന്റെ സർഗശക്തിയിൽ ഉറച്ചു വിശ്വസിക്കുന്ന കവി മനുഷ്യവംശം വിജയം നേടിയത് അവന്റെ സർഗശേഷിയിലൂടെയാണെന്ന് പറയുന്നു). ശിരസ്സുയർത്തി പായുന്ന എന്റെ കുതിരയെ, ചെമ്പൻ കുതിരയെ (വിപ്ലവ സൂചന - പോരാട്ട വീര്യം നിറഞ്ഞ കവിതകൾ) നിങ്ങൾ കണ്ടോ എന്നും കവി ചോദിക്കുന്നു. അതിന്റെ കണ്ണുകളിൽ എന്ത് ഉന്മേഷമാണ്? എന്ത് ഉത്സാഹമാണ് അതിന്റെ കാലുകളിൽ?
- കോടിക്കോടി മനുഷ്യജീവിതകാലം അഥവാ പുരുഷാന്തരത്തിൽ കൂടി നേടിയ ശക്തിയാണ് അതിനുള്ളത്.( എഴുത്തിന്റെ, സർഗശക്തിയുടെ അശ്വമേധം കാലാതീതമായി ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നു.). പ്രകൃതിയോട് മല്ലിട്ട് (പൊരുതി ) വിജയം നേടിയതാണതിന്റെ നന്മകൾ ( പ്രകൃതിയോടു പൊരുതി നാഗരികത പടുത്തുയർത്തിയത്). പീലി വിരിച്ചിളകിയാടുന്ന മയിലിന്റെ തന്ത്രമല്ല, മന്ത്രമല്ല അശ്വമേധത്തിന്റെ, സർഗാത്മകതയുടെ സാംസ്കാരിക മണ്ഡലം എന്ന്

വയലാർ ഉദ്ഘോഷിക്കുന്നു..

- കോടിക്കോടി ശതാബ്ദങ്ങൾ ആ മുമ്പ് കാടിനുള്ളിൽ വെച്ച് എന്റെ പ്രപിതാമഹർ (മുത്തച്ഛന്റെ അച്ഛൻ ) കണ്ടതാണീ കുതിരയെ (സർഗശക്തിയെ). കാട്ടു പുൽത്തണ്ട് നൽകിയാണ് മുത്തശ്ശിമാർ അതിനെ വളർത്തിയത്. കാട്ടുചോലകൾ പാടിയ പാട്ടുകൾ (കാട്ടുചോലകളുടെ ഒഴുക്കിന്റെ താളം) ഏറ്റു പാടി പഠിച്ചവരാണ് എന്റെ മുത്തശ്ശിമാർ.
- ഇന്നലത്തെ ചരിത്രം മയങ്ങുന്ന മണ്ണിലൂടെ യാഗാശ്വം കുതിച്ചു പാഞ്ഞപ്പോൾ അതിന്റെ കുളമ്പടികൾ എത്രയെത്ര ശവകുടീരങ്ങളിൽ നൃത്തമാടിയിട്ടുണ്ട്.(യുദ്ധകഥകൾ ഒരു കാലത്ത് സാഹിത്യ വിഷയമായിരുന്നു - വീരാരാധന പ്രധാനങ്ങളായ ഇത്തരം രചനകൾ സർഗശക്തിയുടെ പ്രഹരമേറ്റ് തകർന്ന് വീണത് സൂചന. സാഹിത്യത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രാജാക്കന്മാരുടെ ദുർഭരണത്തിനെതിരെ ജനങ്ങൾ പോരാടിയതിന്റെ സമരവീര്യവും സൂചന)
- പ്രതാപത്തിൽ അഹങ്കരിച്ചിരുന്ന കോട്ട - കൊത്തളങ്ങളെ ( കോട്ടയുടെ മുകളിലുള്ള വെടിപ്പഴുത് ) പിന്നിട്ടുന്ന യാത്രയിൽ, രാജ ചിഹ്നങ്ങളായ നിരവധി വെൺകൊറ്റക്കുടകളും(മുത്തണിക്കുണകളും) ചെങ്കോലുകളും കുതിരയുടെ കുളമ്പടിയേറ്റു വീണു പോയിരിക്കുന്നു.
- കുഞ്ചിരോമങ്ങൾ തുള്ളിച്ച്തുള്ളിച്ച് സഞ്ചരിച്ച ഈ ചെമ്പൻ കുതിരയെ പണ്ട് ദൈവം കടിഞ്ഞാണുമായി വന്ന് സവാരിക്ക് ഇറങ്ങുവാനായി കൊണ്ടുപോയി.( ദൈവ സ്തുതിപരമായ ആദ്യകാലസാഹിത്യത്തെ, സർഗശക്തിയെ സൂചിപ്പിക്കുന്നു.- ദേവതാ സ്തുതിഗീതങ്ങളായ സ്തോത്ര കവിതകൾ, കാവ്യങ്ങൾ - സൂചന).രാജാധികാരത്തിൽ മദിച്ച സൈന്യങ്ങൾ യാഗാശ്വവുമായി പടപ്പാളയങ്ങളിൽ വന്നു നിന്നു.
- വേദതത്വമറിയുന്നവർ യോഗദണ്ഡിൽ കുതിരയെ തളയ്ക്കുവാനായി വന്നു. പൗരോഹിത്യത്തിന്റെ കൈപ്പിടിയിലൊതുക്കപ്പെട്ട സാഹിത്യം -വേദങ്ങളും ഉപനിഷത്തുകളും അടങ്ങുന്ന വൈദിക സാഹിത്യത്തെക്കുറിച്ചുള്ള സൂചന.)
- എന്റെ പൂർവികരാകട്ടെ മനോ വേഗത്തിൽ കുതിരയെ തളയ്ക്കുന്നതിനുള്ള മന്ത്രം (അശ്വഹൃദയജ്ഞർ ) അറിയുന്നവരും വിശ്വവിജയികളുമായിരുന്നു, ലോകത്തെ ജയിച്ചവരായിരുന്നു. യുഗഗായകരായ അവർ യുദ്ധം ചെയ്ത് കുതിരയെ വീണ്ടെടുത്തു. സർഗശക്തിയെ വീണ്ടെടുത്തു.
- മണ്ണിൽ നിന്നും ജയിച്ച അവർ മണ്ണിനെ പൊന്നണിയിച്ച സംസ്കാര ശിൽപ്പികളാണ്. (ആദിമയുഗത്തിൽ നിന്ന് കാർഷിക സംസാകാരത്തിലേക്കുള്ള വളർച്ച ) കൊട്ടാരങ്ങളിലും ദേവാലയങ്ങളിലും തത്വചിന്താമണ്ഡലങ്ങളിലും മാത്രം ഒതുങ്ങിയ സാഹിത്യത്തെ കവിയുടെ പൂർവികർ പോരാടി വീണ്ടെടുത്തു. സാഹിത്യത്തെ സാധാരണക്കാരിലേക്ക് എത്തിക്കുകയും ഭൂമിയിലെ ജീവിതം നവീകരിക്കുകയും ചെയ്തവരാണ് കവിയുടെ പൂർവികർ. മണ്ണിനെ പൊന്നണിയിക്കുന്നവരുടെ, അധ്വാനത്തിന്റെ മഹത്വം പാടി പുകഴ്ത്തുന്നവരുടേതാക്കി സാഹിത്യത്തെ മാറ്റി.
- എന്നിൽ നാട് ഉണർന്നപ്പോൾ, എന്നിൽ സാമൂഹ്യബോധം ഉടലെടുത്തപ്പോൾ ഞാൻ അവരിൽ നിന്ന് നേടിയതാണ് ഈ കുതിരയെ. ഞാൻ ഈ യുഗത്തിന്റെ സാമൂഹ്യശക്തിയാണ്. എന്റെ ചൈതന്യ രശ്മികൾ (ശക്തി) ഒരിക്കലും മായുകയില്ല. നവയുഗ സംസ്കാരത്തിന്റെ വിധാതാക്കളായ അധ്വാനവർഗത്തിന്റെ കൈയിൽ നിന്നാണ് കവി കവിതയെ ഏറ്റുവാങ്ങിയത്.
- ഞാൻ ഈശ്വരനോ മാന്ത്രികനോ അല്ല. അമാനുഷിക ശക്തി, മഹത്വം ഇതൊന്നും കവി ആഗ്രഹിക്കുന്നില്ല. പച്ചയായ മനുഷ്യന്റെ കരുത്തും കർമ്മവീര്യവുമാണ് കവിയുടെ കൈമുതൽ.പച്ചയായ മനുഷ്യരിലെ ദയ, ആർദ്രത, സഹാനുഭൂതി, കരുത്ത്, മുതലായവ കവി ആഗ്രഹിക്കുന്നു. (പച്ചമണ്ണിൻ മനുഷ്യത്വമാണ് ഞാൻ ). അധ്വാനത്തിന്റെ മഹത്വം പാടിപുകഴ്ത്തുന്നതും മനുഷ്യന്റെ അജയ്യതയെ വാഴ്ത്തുന്നതുമായ തന്റെ കവിത ഇനിയും വായിക്കപ്പെടേണ്ടതുണ്ട്.സർഗശക്തി, സാഹിത്യം ഇനിയും ഒരുപാട് മുന്നേറേണ്ടതുണ്ടെന്ന് കവി ഉറച്ചു പറയുന്നു.
- ദിഗ്വിജയത്തിനായി ഞാൻ സർഗശക്തിയാവുന്ന കുതിരയെ വിട്ടയക്കുകയാണ്. ആരാണ് ഈ കുതിരയെ കെട്ടുവാൻ, മാർഗം തടയുവാൻ ഉള്ളത് എന്ന് കവി ചോദിക്കുന്നു.
- **വിഗ്രഹാർത്ഥം:**

- വിശ്വസംസ്കാരവേദിയിൽ - വിശ്വസംസ്കാരത്തിന്റെ വേദിയിൽ
- ചെമ്പൻ കുതിര -ചെമ്പൻ നിറത്തിലുള്ള കുതിര
- സംസ്കാര മണ്ഡലം - സംസ്കാരത്തിന്റെ മണ്ഡലം
- കുഞ്ചിരോമങ്ങൾ - കുഞ്ചിയിലെ രോമങ്ങൾ
- സംസ്കാര ശില്പികൾ - സംസ്കാരത്തിന്റെ ശില്പികൾ
- ചൈതന്യവീചികൾ - ചൈതന്യത്തിന്റെ വീചികൾ

**PREPARED BY :Suresh Areekode, HST(Malayalam), GHSS,Kuzhimanna, Malappuram,Kerala.email:sbtckr@gmail.com**
Visit my YOU TUBE:***mukulam malayalam*** for more resources.Ph:9562521509